Dr. Tara Sudhadevi, with a background in lung injury, neuro-regenerative medicine, stem cells, and tissue engineering, is uniquely qualified to spearhead this groundbreaking study. She is the only scientist selected under the ICMR Department of Health Research NRI/PIO/OCI Scheme for this fellowship, designed to foster collaborations with overseas Indian researchers to address critical healthcare challenges.

The study aims to enhance our understanding of how oxygen toxicity affects premature infants, particularly its impact on lung and brain damage, using rat models. It will also explore novel therapeutic interventions to improve neonatal care. This initiative represents a significant step forward for CUSAT in advancing neonatal neurology research, positioning India at the forefront of global efforts to tackle preterm birth-related complications.



DR. BABY CHAKRAPANI



DR. TARA SUDHADEVI

**The research will focus on the Lung-Brain Axis in Broncho pulmonary Dysplasia**

## Dr. Sasi Gopalan Receives ₹14.5 Lakh Industry-Academic Consultancy Project Grant

Dr. Sasi Gopalan, Professor, Department of Mathematics, was awarded an industry-academic consultancy project grant worth ₹14.5 lakh to guide two postdoctoral fellows based on an agreement signed between KIREAP Private Limited, a Switzerland-based multinational company and the department.



DR. SASI GOPALAN

The research grant includes funding for the development of optimised pricing algorithms and optimised forecasting algorithms aimed at advancing innovations in the agricultural sector. The grant also covers the postdoctoral fellowships and consultancy fees.

## Anti-Cancer Drug from Mangrove Microorganisms Earns ₹60 Lakh

Dr. Santhini P V, a DBT-Ramalingaswami Faculty member in the Department of Applied Chemistry, was awarded the Prime Minister's Early Career Research Grant this year. This grant is part of the Anusandhan National Research Foundation (ANRF) initiative, which supports newly appointed faculty and scientific researchers contributing significantly to India's scientific and technological advancements.



DR. SANTHINI P V

Dr. Santhini has received a research grant of ₹60 lakh for three years as the Principal Investigator of a project aimed at developing anti-cancer drugs from microorganisms found in mangrove ecosystems.

A faculty member and researcher in Department of Applied Chemistry, Dr. Santhini is also the Principal Investigator for the marine natural products research projects under the Department of Biotechnology (DBT).

She collaborates with Dr. T P Sajeevan, Head of the Department of Marine Biology, Microbiology, and Biochemistry, Dr. Manoj and Dr. Shandev from Department of Applied Chemistry on related research initiatives.

## Management Studies Professor in TEDx Event



DR. MANU MELWIN JOY

Dr. Manu Melwin Joy, Assistant Professor, School of Management Studies, had the opportunity to speak at a TEDx event organised by St. Aloysius Deemed to be University, Mangaluru, in March. An expert in gamification, Dr. Manu shared his experiences during the event.

He elaborated on the role of gamification in transforming industries, enhancing learning experiences, and engaging users in innovative ways. He also discussed the challenges in this field and the impact of gamification on industries such as business and healthcare.

## ₹38.97 Lakh MoES Grant for Marine Sciences Faculty



DR. MOHAMED HATHA



DR. CHAITHANYA E R

The Ministry of Earth Sciences, under its Deep Ocean Mission, in January awarded a research grant of ₹38.97 lakh to Dr. A A Mohamed Hatha, Senior Professor and Director of the School of Marine Sciences, and Dr. Chaithanya E R, Assistant Professor, both from the Department of Marine Biology, Microbiology and Biochemistry.

The two-year project focuses on studying the microbial diversity of deep-sea sediments in the Chagos-Laccadive Ridge area. It aims to profile microbial communities, mine functional genes for novel biocatalysts with industrial potential, and establish a benchmark database on piezophilic microbes. Additionally, a marine microbial repository and clone library will be developed for future research.



DR. BABY CHAKRAPANI P S



DR. YOOSAF KARUVATH



DR. TARA S



DR. KESHAVA PRASAD T S

## ₹30 Lakh Grant for Alzheimer's Research

Researchers from CUSAT have been awarded a ₹30 lakh grant by the Ignite Life Science Foundation to develop innovative diagnostic methods for early detection of Alzheimer's disease. The research project, led by Dr. Baby Chakrapani P S, Director of the Centre for Neuroscience and Director, Centre of Excellence in Neurodegeneration and Brain Health (CENABH), aims to create affordable and minimally invasive screening techniques for the neurodegenerative disorder that is increasingly affecting India's aging population. The interdisciplinary research team includes Dr. Yoosaf Karuvath from CUSAT's Department of Applied Chemistry, Dr. Tara S, DHR-NRI Faculty at CUSAT, and Dr. Keshava Prasad T S from ICMR-CCoE at Yenepoya Deemed to be University.

Current diagnostic procedures for Alzheimer's, including PET scans and spinal fluid tests, remain expensive and inaccessible to many patients in India. Dr. Chakrapani emphasised that the research aims to develop simpler screening tools that could be widely implemented across healthcare facilities, including in rural areas.

The project represents a significant step in India's efforts to address the growing challenge of neurodegenerative diseases

The project represents a significant step in India's efforts to address the growing challenge of neurodegenerative diseases. The findings could potentially influence national healthcare strategies for elderly care and dementia management.

## Biotechnology Department Receives Grant of ₹61.5 Lakh

In March, Department of Biotechnology received a financial grant of ₹61.5 lakh from the Government of India under the DST-FIST scheme.

This funding will be utilised for developing academic research infrastructure in the department and supporting researchers in various fields such as Microbiomics & Metagenomics, Cancer Genomics & Neuroscience, and Plant Genomics & Genetics.

As part of the project, extensive skill development programmes in genomics research, startup initiatives, and industrial collaborations will be conducted for faculty members and students.

# Research Scholars Receive Internship Offers from International Universities

Ritam Guha, Nandhakumar K, and Akshay T R Scholars at Centre of Excellence for Aquatic Vaccine Development, Department of Marine Biology, Microbiology and Biochemistry at the School of Marine Sciences, received opportunity for fully supported internship exchange visit for the period of two months from June-July, 2025.


RITAM GUHA


NANDHAKUMAR K


AKSHAY T R

Ritam and Akshay achieved training in the Institute of Bioscience at the University of Putra, Malaysia under the supervision of Dr. Ina Salwany Md. Yasin and Nandhakumar got training opportunity at Mahasarakham University, Thailand, under the supervision of Dr. Eakapol Wangkahart. The training will involve the immunology techniques to asses vaccine efficacies and feed based immunostimulants in fish.

This training could result in being acquainted with the latest technologies in effective vaccination strategies to prevent economic losses in the aquaculture industry by supporting food security and economic stability.


മറൈൻ എഞ്ചിനീയറിങ് ഒന്നാം വർഷ വിദ്യാർത്ഥി ആദിത്യൻ എസ് ആന്ധ്രാപ്രദേശിൽ നടന്ന 28 മത് ജൂനിയർ നാഷണൽ സെപക് ടക്രോ ചാമ്പ്യൻഷിപ്പിൽ, കേരളത്തിനായി മൂന്നാം സ്ഥാനം കരസ്ഥമാക്കി. മത്സരത്തിൽ രണ്ടാം റണ്ണറപ്പ് സ്ഥാനവും ആദിത്യനാണ് നേടിയത്

# ₹8.60 Lakh German Grant for Vaccine Development to Boost Tilapia Farming

Dr. Punnadath Preetham E, Associate Professor, Department of Marine Biology, Microbiology, and Biochemistry, School of Marine Sciences, was awarded with Small Immediate Need Grant (SING)2025 for the project Targeting C-type lectins in fish to increase the immunogenicity of vaccines.


DR. PUNNADATH PREETHAM

The grant is supported by Indo-German Science and Technology Centre (IGSTC), a bilateral Institution of Government of India (DST) and Federal Government of Germany (BMBF). The project aims to improve the immunogenicity of fish in response to vaccines targeting the C-type lectins in Tilapia fishes. The project is tenured for 12 months with a 2 month special grant award to Dr.Preetham for ₹8.60 lakh, which includes support of exchange visits to German University and Industries.

The funding will be utilised for joint academic and Industrial collaborations with Ludwig Maximilian University, Munich, Germany and W42 GmbH, Industrial Biotechnology, Dortmund Germany. The project will explore the use of C-type Lectins receptors (CLRs) as targets for vaccine development and immune modulation, thus offering a promising approach to mitigate the impact of infectious diseases. Hence the findings could lead to more effective vaccination strategies, reducing mortality rates and economic loss in aquaculture industry.


VEENA G VISWAM, PHD SCHOLAR AT DEPARTMENT OF MARINE GEOLOGY AND GEOPHYSICS, RECEIVED THE BEST ORAL PRESENTATION AWARD AT THE THREE-DAY INTERNATIONAL MULTIDISCIPLINARY SEMINAR ON INTEGRATIVE APPROACHES TO COLLABORATIVE THINKING (INTERACT 2025) HELD AT SREE NARAYANA COLLEGE, VARKALA, FROM MARCH 19 TO 21.

# NCAAH Develops Preventive Treatment for Fish Diseases in Brackish Water Aquaculture

The National Centre for Aquatic Animal Health (NCAAH) developed a specialised prophylactic medicine formulation to combat the increased risk of disease outbreaks in brackish water aquaculture systems during the monsoon season. These innovative formulations are designed to be administered through pelleted feed, offering an effective preventive solution for fish farmers.

With the onset of the monsoon, the influx of rainwater significantly reduces salinity and water hardness, leading to increased stress among fish—especially those reared in cages. This stress makes them more vulnerable to infections, often resulting in high mortality rates. Recognising this challenge, NCAAH aims to protect fish health during this vulnerable period.

# Patent for Developing Sustainable Construction Material, Waste Management Technology from Mango Peel

Dr. K S Beena,Professor, and Jinsha T V, research scholar, Division of Civil Engineering, School of Engineering, were granted a patent for an innovative technology that converts waste into a sustainable material suitable for construction.

Their research involves the development of environmental-friendly 'Green Nano Red Mud' by integrating nano-material derived from mango peel with specialised waste decomposition substances. This process effectively neutralises the acidity and alkalinity of red mud, an aluminum industry byproduct, making it a sustainable construction material.


DR. K S BEENA


JINSHA T V

This discovery could help address the scarcity of conventional building materials while also eliminating the need for large land areas to store red mud. It marks a significant advancement in both industrial waste management and sustainable construction. The patent was granted with the support of the Inter-University Centre for IPR Studies (IUCIPRS) and the IPR Facilitation Cell at CUSAT.

## Research Discovers Changing Cloud Patterns that Cause Heavy Rainfall

Researchers have made a significant discovery about India's monsoon dynamics that deep convective clouds have risen by approximately one kilometre over the past two decades, contributing to heavy rainfall.

The study, titled 'Observational Evidence of Increasing Intensity and Frequency of Deep Convective Clouds during the Indian Summer Monsoon Season,' was published in the Geophysical Research Letters (GRL) journal.


ROSHNI ANTONY

The research was conducted by Doctoral fellow Roshni Antony and co-authored by Dr. Satheesan from CUSAT, Dr. Viju O John from EUMETSAT, and Dr. Prince Xavier from the UK Met Office. The work was carried out under the guidance of Dr. Ajil Kottayil from the Advanced Centre for Atmospheric Radar Research, CUSAT. By analysing satellite observations from 2000 to 2020, researchers found that the upper parts of deep convective clouds had risen by approximately one kilometre during the summer monsoon season. This increase in cloud height indicates more intense convective activity, which in turn leads to greater chances of extreme rainfall during India's monsoon season.

## Patent for Computer Science Scientists' Solution on Electronics Security

Researchers at Department of Computer Science were granted a patent for an innovative circuit design that enhances the security of electronic devices against unauthorised access.

Electronic authentication chips need strong security features to safeguard our data from hackers and theft. A significant challenge in electronic security is ensuring that these features cannot be easily replicated. The patent was awarded for developing a multi-stage circuit technique based on a concept known as Physically Unclonable Function (PUF), which acts like a fingerprint for electronic devices.

The PUF circuits function as distinctive electronic fingerprints, facilitating secure device authentication and cryptographic applications.

This helps protect companies against those who copy electronic design, as PUF circuits' results cannot be duplicated, similar to fingerprints. This technology can be applied in various integrated circuits to provide enhanced protection against cloning and tampering.

The research was conducted by research scholar Gisha C G under the guidance of Dr. Bijoy Antony Jose, Associate Professor, Department of Computer Science, in collaboration with Dr. Ananda Sankar Chakraborty from the Indian Institute of Engineering Science and Technology (IIEST), Shibpur.


GISHA C G


DR. BIJOY ANTONY JOSE


DR. ANANDA SANKAR CHAKRABORTY

# Scientists Patent Eco-Friendly Packaging from Beeswax

Scientists at Department of Polymer Science and Rubber Technology secured a patent for their innovative process of coating nano-cellulose aerogels with beeswax. The patent was granted for the development of this technique, which involves using a thermal-induced phase separation process to coat aerogels with beeswax, making them hydrophobic (water-repellent).



DR. JINU JACOB GEORGE



DR. DEEPU A GOPAKUMAR



AJITH VATTOTHUKUNNEL



DR. AISHWARYA PAULOSE

The new technology was developed under the leadership of Dr. Jinu Jacob George from the Department of Polymer Science and Rubber Technology at CUSAT. The research was conducted by postdoctoral fellow Dr. Deepu A Gopakumar, along with researchers Ajith Vattothukunnel and Dr. Aishwarya Paulose.

This eco-friendly process uses only sustainable materials and is cost-effective and simple. The technology can be applied to make any solid material hydrophobic. This advancement holds great potential for environment-friendly packaging, biomedical applications, and other ecological uses.

# Patent for Technology to Assist Visually Impaired in Financial Transactions

Dr. Shailesh S, Assistant Professor, Department of Computer Science, has been granted a patent for developing an innovative technology designed to simplify financial transactions for the visually impaired.



DR. SHAILESH S

The patented technology, named 'Voice Assisted Obtuse ATM,' is designed to help visually impaired individuals overcome challenges in conducting secure financial transactions. This system includes a comprehensive voice-guided interface to enhance functionality and user experience. Additionally, it incorporates advanced security features to prevent server-targeted attacks and ensure safe transactions.

One of the key highlights of this technology is that it enables ATM transactions without the need for a physical card, allowing users to perform transactions entirely through voice commands.

# Patent for IoT-Based Flood Alert System Developed by B.Tech Students

## This is the first patent granted to undergraduate students in the history of CUSAT

B.Tech students at School of Engineering secured a patent for an innovation developed during their undergraduate studies. The invention, titled 'IoT-Based Drainage Monitoring and Flood Alert System (DMFS),' was developed by Sony K Martin and Ananthu T J from B.Tech Information Technology, and Joyal Kusmos from B.Tech Electronics and Communication Engineering. They worked under the expert guidance of Dr. Santosh Kumar M B, Professor, and Dr. Daleesha M Viswanathan, Associate Professor. This is the first patent granted to UG students in the history of CUSAT.



SONY K MARTIN



ANANTHU T J



JOYAL KUSMOS



DR. DALEESHA M VISWANATHAN



DR. SANTOSH KUMAR M B

DMFS is a smart, scalable solution designed to enhance urban drainage management, with a specific focus on flood-prone regions like Kochi, Kerala. The idea was driven by the growing concern over flash floods in urban areas, where heavy rainfall can overwhelm drainage systems within a few hours.

The system leverages IoT sensors to collect real-time water level data, which is processed in the cloud and compared against predefined thresholds to detect both flood risks and drainage blockages. Its core innovation lies in the collaborative use of sensors for precise data correlation and analysis. By continuously monitoring the interplay between water levels and flow rates, DMFS identifies abnormal patterns that indicate potential flooding or drainage blockage.

Upon detecting such anomalies, it sends instant alerts to authorities, enabling faster, more informed decision-making and significantly reducing the human and economic impact of urban flooding.

# കേരളത്തിലെ അക്കാദമിക സ്ഥാപനങ്ങളും അന്താരാഷ്ട്ര വിദഗ്ധരും ഒരുമിക്കുന്ന ഉന്നതവിദ്യാഭ്യാസ കോൺക്ലേവിന് തുടക്കം




കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ആതിഥേയത്വം വഹിക്കുന്ന ഷേപ്പിങ് കേരളാസ് ഫ്യൂചർ- ഇന്റർനാഷണൽ കോൺക്ലേവ് ഓഫ് ഓൺ നെക്സ്റ്റ്-ജെൻ ഹയർ എജുക്കേഷൻ' മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ ഡോ. ആർ ബിന്ദു, കെ എൻ ബാലഗോപാൽ എന്നിവർ സമീപം

അന്താരാഷ്ട്രസ്ഥാപനങ്ങളിൽ നിന്നുള്ള വിജ്ഞാനത്തോടൊപ്പം കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മലയാളി അക്കാദമിക് ഡയസ്പോറയുടെ വൈദഗ്ധ്യത്തെ ബന്ധിപ്പിക്കുന്നതിനുള്ള പുതിയ സംരംഭങ്ങൾ സർക്കാർ വികസിപ്പിക്കുമെന്നും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യാവസായിക പങ്കാളിത്തം ഉറപ്പു വരുത്തുന്ന സഹകരണങ്ങൾക്ക് തുടക്കമാകുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ഉന്നതവിദ്യാഭ്യാസവകുപ്പിന്റെയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും (കെഎസ്എച്ച്ഇസി) ആഭിമുഖ്യത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ആതിഥേയത്വം വഹിക്കുന്ന ഷേപ്പിങ് കേരളാസ് ഫ്യൂചർ- ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ ഹയർ എജുക്കേഷൻ' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

"മികച്ച അക്കാദമിക അവസരങ്ങളും വൈജ്ഞാനിക അനുഭവങ്ങളും പങ്കുവയ്ക്കുന്ന അന്തർദേശീയ ഉന്നതവിദ്യാഭ്യാസകേന്ദ്രമായി കേരളത്തെ സജ്ജമാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഈ കോൺക്ലേവ് നടക്കുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവി നിർണ്ണയിക്കപ്പെടുന്നതിൽ ഒരു സുപ്രധാന ഉത്തരവാദിത്തം ഇതിൽ പങ്കെടുക്കുന്നവർ ഓരോരുത്തർക്കുമുണ്ട്," മുഖ്യമന്ത്രി പറഞ്ഞു.

ഉന്നതവിദ്യാഭ്യാസമേഖലയിലെ പരിഷ്കാരങ്ങളെക്കുറിച്ചുള്ള വിശദമായ ചർച്ചകൾകളെത്തുടർന്നു നിയമിച്ച മൂന്ന് കമ്മീഷനുകളുടെ നിർദേശങ്ങളുടെ ഭാഗമായി ആരംഭിച്ച നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ വിജയം, സർവകലാശാലകളുടെ ഭരണപരമായ പ്രശ്നങ്ങൾക്ക് സാങ്കേതികപരിഹാരങ്ങൾ ഉറപ്പുവരുത്തുന്ന കേരള റിസോഴ്സസ് ഫോർ എജ്യുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് (കെ-റീപ്പ്) എന്ന സംരംഭം എന്നിവയുൾപ്പെടെയുള്ള ശ്രദ്ധേയമായ നേട്ടങ്ങളെക്കുറിച്ചും മുഖ്യമന്ത്രി സംസാരിച്ചു.

"പരിഷ്കരണത്തിന്റെ അടുത്ത ഘട്ടം കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുക എന്നതാണ്. സ്വദേശ വിദ്യാർഥികൾക്കൊപ്പം വിദേശ വിദ്യാർത്ഥികളെയും മികച്ച സൗകര്യങ്ങളും കോഴ്സുകളും നൽകി ഇവിടേക്ക് ആകർഷിക്കുകയെന്നതാണ് ഈ ഘട്ടത്തിലൂടെ ലക്ഷ്യമിടുന്നത്. അതിലേക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും അറിവുകളും സമാഹരിക്കുക എന്നുള്ളതാണ് കോൺക്ലേവിന്റെ പ്രധാന ഉദ്ദേശ്യം," അദ്ദേഹം പറഞ്ഞു.

**"പരിഷ്കരണത്തിന്റെ അടുത്ത ഘട്ടം കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുക എന്നതാണ്."**

"സാമ്പത്തിക വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി നീക്കി വച്ചിരിക്കുന്ന ഫണ്ടുകളെ അത് ബാധിക്കാത്ത വിധമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കിഫ്ബി ഫണ്ടിന് പുറമെ കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം സംസ്ഥാന സർക്കാർ പത്ത് സർവകലാശാലകൾക്ക് 1,830 കോടി രൂപയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കായി 3,000 കോടി രൂപയും അനുവദിച്ചു. എന്നാൽ കേന്ദ്രസർക്കാരും യുജിസിയും സ്വീകരിക്കുന്ന നയങ്ങൾ സംസ്ഥാന സർവകലാശാലകളുടെ സ്വയംഭരണത്തിന് ഭീഷണിയാകുക വഴി കൂടുതൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വഴിയൊരുക്കുകയും ഉന്നത വിദ്യാഭ്യാസ മേഖലയുടെ തകർച്ചയിലേക്ക് നയിക്കുകയും ചെയ്യുമെന്ന് തിരിച്ചറിയണം. പൊതു സർവ്വകലാശാലകളെ ദോഷകരമായി ബാധിക്കുക മാത്രമല്ല ഇത്തരം ചട്ടങ്ങൾ യു.ജി.സി.യുടെ നിലനില്പിനെത്തന്നെ ബാധിക്കുകയും ചെയ്യും," അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിക്കുന്ന 'ഹയർ എജുക്കേഷൻ മാറ്റേഴ്സ്' എന്ന മാസിക ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവിന് ആദ്യ കോപ്പി നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

ചടങ്ങിൽ സംസാരിച്ച മന്ത്രി ഡോ.



ഉന്നതവിദ്യാഭ്യാസ കോൺക്ലേവിന്റെ ഭാഗമായി നടത്തിയ പ്രസ് മീറ്റിൽ മന്ത്രി ഡോ. ആർ ബിന്ദു സംസാരിക്കുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, കുസാറ്റ് രജിസ്ട്രാർ ഡോ. എ യു അരുൺ, മുൻ വൈസ് ചാൻസലർ ഡോ. പി ജി ശങ്കരൻ എന്നിവർ സമീപം

ആർ ബിന്ദു സർക്കാർ കൂടുതൽ ഇന്റർയൂണിവേഴ്സിറ്റി സെന്ററുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചു.

“കൂടുതൽ ഗവേഷണ കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ അത്യാധുനിക മേഖലകളിൽ ഗവേഷണത്തിന് നേതൃത്വം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ജീനോമിക്സ്, ആയുർവേദം, വൺ ഹെൽത്ത്, നാനോ ടെക്നോളജി, അസ്ട്രോഫിസിക്സ്, ഗ്രാഫീൻ ടെക്നോളജി, ന്യൂറോ സയൻസസ് തുടങ്ങിയ ചില മേഖലകളിൽ സർക്കാർ ഇതിനകം തന്നെ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്,” മന്ത്രി പറഞ്ഞു.

“കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 60:40 അനുപാതത്തിൽ പദ്ധതിച്ചെലവ് പങ്കിടുന്ന പി എം ഉഷ പദ്ധതിയിലൂടെ വിവിധ കാമ്പസുകൾക്കായി 405 കോടിയുടെ പദ്ധതികളാണ് പ്രതീക്ഷിക്കുന്നത്,” മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാലിനു പുറമെ ചടങ്ങിൽ കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർപേഴ്സൺ പ്രൊഫ. വി.കെ. രാമചന്ദ്രൻ, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയ് ഐഎസ് എന്നിവർ സംസാരിച്ചു.

‘കേരളവും ലോകവും: അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാവി’ എന്ന വിഷയത്തിൽ ബോസ്റ്റൺ കോളേജ് പ്രൊഫസർ ഫിലിപ്പ് ജി. ആൾട്ട്ബാക്ക് പ്രഭാഷണം നടത്തി.

‘മെഡിക്കൽ ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ മികവും നവീന സാങ്കേതികവിദ്യകളും’ എന്ന വിഷയത്തിൽ തിരുവനന്തപുരത്തെ ശ്രീ ചിത്ര തിരുനാൾ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഡോ. സഞ്ജയ് ബിഹാരിയും, ‘ലോകോത്തരനിലവാരം ആർജ്ജിക്കാനുള്ള മാർഗങ്ങളിൽ നയനിർമാണകരുടെയും സ്ഥാപനങ്ങടെയും പങ്ക്’ എന്ന വിഷയത്തിൽ വേൾഡ് ബാങ്ക് ടെർഷ്യറി എജുക്കേഷൻ ഗ്ലോബൽ ലീഡ് ഡോ. നീന ആർൺഹോൾഡ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി.

നോബൽ സമ്മാന ജേതാവ് അദയോനാത്ത് ഓൺലൈനായും, കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി, മുൻ വൈസ് ചാൻസലറും സംഘാടക സമിതി കോർഡിനേറ്ററുമായ പ്രൊഫ. പി.ജി. ശങ്കരൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ് എന്നിവരും സമ്മേളനത്തിൽ സംസാരിച്ചു.

**“കൂടുതൽ ഗവേഷണ കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇവ അത്യാധുനിക മേഖലകളിൽ ഗവേഷണത്തിന് നേതൃത്വം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.”**

## ആദ്യദിന സെഷനുകൾ

ആദ്യദിനം സമ്മേളനത്തിൽ മൂന്ന് പ്ലീനറി സെഷനുകളിലായി ‘കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ആഗോള കാഴ്ചപ്പാടുകൾ’, ‘ഉന്നത വിദ്യാഭ്യാസത്തിലെ ജനറേറ്റീവ് എ ഐ സാങ്കേതികവിദ്യ’, ‘ഗവേഷണ മികവും നവീകരണവും’ എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു. ഐഐടി ബോംബെയിലെ പ്രൊഫസർ എൻ.വി. വർഗീസ് മോഡറേറ്ററായ ആദ്യ സെഷനിൽ പ്രൊഫസർ സീറാം രാമകൃഷ്ണ, സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി, പ്രൊഫസർ സാബു പത്മദാസ്, സതാംപ്ടൺ സർവകലാശാല, ഡോ.സക്കറിയ മാത്യു, മിഷിഗൺ സർവകലാശാല, ഡോ. ഷക്കീല ടി ഷംസു, മുൻ ഒഎസ്ഡി (കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം), ഡോ. മഹമൂദ് കൂരിയ, എഡിൻബർഗ് സർവകലാശാല എന്നിവർ പങ്കെടുത്തു.

രണ്ടാം സെഷൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള മുൻ വൈസ് ചാൻസലറും ഐഐഎം-കെ പ്രൊഫസറുമായ ഡോ. സജി ഗോപിനാഥ് ആണ് മോഡറേറ്റ് ചെയ്തത്. പ്രൊഫസർ ഡോൺ പാസി, ലങ്കാസ്റ്റർ യൂണിവേഴ്സിറ്റി, ഡോ. സ്റ്റെഫാൻ വിൻസെന്റ്-ലാൻക്രിൻ, ഒഇസിഡി, പാരീസ്, എപിജെ അബ്ദുൽ കലാം ടെക്നോളജിക്കൽ സർവകലാശാല മുൻ വൈസ് ചാൻസലറും ട്രെസ്റ്റ്റിസർച്ച് പാർക്ക് സിഇഒയുമായ ഡോ. രാജശ്രീ എം എസ്, മണിപ്പാൽ അക്കാദമി ഓഫ് ഹയർ എഡ്യൂക്കേഷനിലെ പ്രൊഫസർ നീത ഇനാംദാർ എന്നിവർ സംസാരിച്ചു.

തിരുവനന്തപുരം ഐസറിലെ പ്രൊഫസർ സുരേഷ് ദാസ് മോഡറേറ്ററായ മൂന്നാമത്തെ സെഷനിൽ ഐഐടി മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രൊഫസർ പത്മശ്രീ ടി പ്രദീപ്, എംജി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. സാബു തോമസ്, ഐഐടി-ഡൽഹി പ്രൊഫസർ ഡോ. പങ്കജ് ജലോട്ട്, ലീഡ്സ് സർവകലാശാല പ്രൊഫസർ ഡോ. ജിൻ ജോസ് എന്നിവർ സംസാരിച്ചു.

## സുരക്ഷിത ഇലക്ട്രിക് സ്കൂട്ടറുകൾ, മരുന്ന് വെന്റിങ് മെഷീൻ, രക്ത പുനരുപയോഗ ഉപകരണം മുതവായവ ഒരുക്കി

# ഉന്നതവിദ്യാഭ്യാസ എക്സ്പോ

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്ന് സംഘടിപ്പിച്ച ദ്വിദിന അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഭാഗമായി ജനുവരി 13 മുതൽ 15 വരെ സർവകലാശാലയിൽ നടന്ന ഹയർ എജ്യുക്കേഷൻ എക്സ്പോ ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു.

കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുക, ഉന്നത വിദ്യാഭ്യാസ മേഖലയെ രാജ്യാന്തര തലത്തിലേക്ക് ഉയർത്തുക എന്നീ ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയിൽ വിവിധ സർവകലാശാലകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിശദീകരിക്കുന്നതിനും വേദി ഒരുക്കിയിരുന്നു.

വിവിധ സർവകലാശാലകളുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഉൾപ്പെടെ 33 സ്റ്റാളുകളാണ് പ്രദർശന വേദിയിൽ ഉണ്ടായിരുന്നത്. വിദ്യാർത്ഥികളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിശദീകരിക്കുന്നതിനും തുറന്ന ചർച്ചയ്ക്കുമുള്ള സൗകര്യങ്ങളും ഒരുക്കിയിരുന്നു. നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തി വിദ്യാർഥികൾ നിർമ്മിച്ച വിവിധ ഉൽപ്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിച്ചത്.



ഉന്നതവിദ്യാഭ്യാസ എക്സ്പോ മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. മുൻ വൈസ് ചാൻസലർ ഡോ. പി ജി ശങ്കരൻ, കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. കെ സാജു, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. വി. പി ജഗതി രാജ്, കേരള സംസ്ഥാന ഹയർ എജുക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ, കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി, കുസാറ്റ് രജിസ്ട്രാർ ഡോ. എ യു അരുൺ എന്നിവർ സമീപം.

**നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തി വിദ്യാർഥികൾ നിർമ്മിച്ച വിവിധ ഉൽപ്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിച്ചത്**



പഠന പ്രക്രിയയ്ക്ക് പുറമെ വിവിധ രാജ്യാന്തര മത്സരങ്ങൾക്ക് വേണ്ടി നിർമ്മിച്ച ഉല്പന്നങ്ങളും പ്രദർശനത്തിന്റെ ഭാഗമായി. വിദ്യാർത്ഥികൾ നിർമ്മിച്ച അതീവ സുരക്ഷ പ്രദാനം ചെയ്യുന്ന ഇലക്ട്രിക് സ്കൂട്ടറുകൾ, സൈക്കിളുകൾ, ബൈക്കുകൾ, ആശുപത്രികളിൽ മരുന്ന് വിതരണം സുഗമമാക്കുന്നതിനുള്ള മെഡിക്കൽ വെന്റിങ് മെഷീൻ, മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കുന്നതിനുള്ള ഉപകരണം, അക്വാകൾച്ചർ ഫാർമേർസിനായുള്ള മരുന്നുകൾ, പ്രസവ സമയത്ത് സ്ത്രീ ശരീരത്തിൽ നിന്നും നഷ്ടമാകുന്ന രക്തം പുനരുപയോഗിക്കുന്നതിനുള്ള ഉപകരണം, സ്മാർട്ട് ട്രാഫിക് മാനേജ്മെന്റ് സംവിധാനം, മുറിവുകൾ ഉണക്കാൻ പ്രകൃതിയിൽ നിന്നും സൃഷ്ടിക്കുന്ന മരുന്നുകൾ, സോളാർഅധിഷ്ഠിത കോക്കനട്ട് ഡൈനിങ് മെഷീൻ എന്നിവയ്ക്ക് പുറമെ വിവിധ സ്റ്റാർട്ട് അപ്പ് കമ്പനികളുടെ എക്സ്പോ, യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും വിവിധ കോഴ്സുകൾ പരിചയപ്പെടുത്തുന്നതിനുള്ള സ്റ്റാളുകളും സജ്ജീകരിച്ചിരുന്നു.

കുസാറ്റിലെ വിവിധ വിഭാഗങ്ങൾ, മഹാത്മാഗാന്ധി സർവകലാശാല, കേരള സർവകലാശാല, കണ്ണൂർ സർവകലാശാല, കേരള കാർഷിക സർവകലാശാല, എ.പി.ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, കേരള ഡിജിറ്റൽ സർവകലാശാല, തുടങ്ങിയവയുടെയും വിവിധ കോളേജുകളുടെയും സ്റ്റാളുകളും ഭാഗമായി.

ഉദ്ഘാടന ചടങ്ങിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ്, കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി, കുസാറ്റ് രജിസ്ട്രാർ ഡോ. എ യു അരുൺ, കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. കെ സാജു, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. വി. പി ജഗതി രാജ്, കേരള സംസ്ഥാന ഹയർ എജുക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.



# ‘അക്കാദമിക-വ്യവസായ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം അനിവാര്യം’

സർവകലാശാലയിൽ നടന്ന കോൺക്ലേവിന്റെ രണ്ടാം ദിനം അക്കാദമിക സ്ഥാപനങ്ങളും വ്യവസായസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം എങ്ങനെയാവണമെന്നും അത് ഏതുതരത്തിൽ ഓരോന്നിനും പ്രയോജനപ്പെടണമെന്നും ഉള്ള ക്രിയാത്മക ചർച്ചകൾക്ക് വേദിയായി.

പ്രഗദ്ഭരായ എല്ലാ പാനലിസ്റ്റുകളും ഈ വിഷയത്തിൽ വളരെ ആഴത്തിൽ വിഷയങ്ങളെ സമീപിക്കുകയും വിലയേറിയ ചില നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

അക്കാദമിക സ്ഥാപനങ്ങളും വ്യവസായസ്ഥാപനങ്ങളും കൈകോർത്തുപോകുവാനായി സർക്കാരിന്റെ എന്തൊക്കെ ഇടപെടലാണ് ഉണ്ടാകുന്നത് എന്നുള്ള ചോദ്യമാണ് പ്രധാനമായും ഉയർന്നുവന്നത്. സർക്കാർ സംവിധാനങ്ങൾ മുന്നോട്ടുവെക്കുന്ന എക്കോസിസ്റ്റത്തെ കുറിച്ചാണ് അസാപ്പ് മുൻ ഡയറക്ടർ ഉഷ ടൈറ്റസ് സംസാരിച്ചത്.

“അക്കാദമിക സ്ഥാപനങ്ങളും വ്യവസായസ്ഥാപനങ്ങളും പരസ്പരപൂരിതമാണെന്നും ഇവരണ്ടും ഒരുമിച്ചു ചേർന്നുപോകുവാനായി അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് സർക്കാരിനു ചെയ്യുവാൻ കഴിയുന്നത്. പല കോളേജുകളിലെയും അക്കാദമിക കലണ്ടറിന്റെ തിരക്കുമൂലം വ്യവസായമേഖലയുമായുള്ള സഹകരണം ക്രിയാത്മകമായി നടത്താൻ കഴിയുന്നില്ല; ഇൻഡസ്ട്രി കൊളാബോറേഷനിൽ നാമമാത്രമായ താല്പര്യം മാത്രമേ കോളേജുകളുടെ ഭാഗത്തുനിന്നും ഉണ്ടാവുന്നുള്ളൂ,” അവർ പറഞ്ഞു.

“ഓരോ ഗവേഷണപ്രബന്ധങ്ങളും ഓരോ നൂതനമായ കണ്ടുപിടുത്തങ്ങളാണ്. ഇവയൊക്കെയും തീസിസുകളിൽ ഉറങ്ങുകയാണ്. ഇവയൊക്കെ വ്യവസായശാലകൾക്ക് ഓരോരോ ഉൽപ്പന്നങ്ങൾ ആയി വികസിപ്പിക്കാം. ഇത്തരത്തിൽ വികസിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്തുകൊണ്ട് കൂടുതൽ കൂടുതൽ സ്റ്റാർട്ട് അപ്പുകൾക്ക് കടന്നുവരാൻ കഴിയും,” ഉഷ കൂട്ടിച്ചേർത്തു.

**“ഓരോ ഗവേഷണപ്രബന്ധങ്ങളും ഓരോ നൂതനമായ കണ്ടുപിടുത്തങ്ങളാണ്. ഇവയൊക്കെയും തീസിസുകളിൽ ഉറങ്ങുകയാണ്. ഇവയൊക്കെ വ്യവസായശാലകൾക്ക് ഓരോരോ ഉൽപ്പന്നങ്ങൾ ആയി വികസിപ്പിക്കാം.”**

കോളേജുകളിലും സർവകലാശാലകളിലും അവരുമായി ബന്ധപ്പെട്ട വ്യവസായശാലകളുമായി ചേർന്ന് ഇന്റേൺഷിപ്പുകൾ സംഘടിപ്പിക്കാമെന്നുള്ള നിർദേശം ഉയർന്നു. ഇൻഡസ്ട്രിയുടെ ചേർന്നുകൊണ്ട് അവർക്കാവശ്യമായ തരത്തിൽ കരിക്കുലം ഡിസൈൻ ചെയ്യുന്നതിനെക്കുറിച്ചും ചർച്ചകൾ ഉണ്ടായി. സർവ്വകലാശാലകളിൽ അക്കാദമിക കാര്യങ്ങളിൽ ക്രിയാത്മകമായ മാറ്റങ്ങൾ മുന്നോട്ടുവെക്കാനും, നടപ്പിലാക്കാനുമായി രൂപീകരിക്കപ്പെട്ട അക്കാദമിക് കൗൺസിൽ പോലെ ഒരു ഇൻഡസ്ട്രി കൗൺസിൽ കൂടി ഉണ്ടായാൽ വ്യവസായരംഗത്തെ ഇടപെടൽ ഒരു സ്റ്റാറ്റ്യൂട്ടറി ആക്കി മാറ്റുവാൻ കഴിയും. അത് സിസ്റ്റത്തിന്റെ ഭാഗമായി മാറുന്നതോടെ കൂടുതൽ ക്രിയാത്മകമായി പ്രവർത്തിക്കാനും ഇന്‍ഡസ്ട്രികളുടെ കൂടുതൽ ശ്രദ്ധ അക്കാദമിക സ്ഥാപങ്ങളിലേക്കു എത്തുകയും ചെയ്യാൻ അക്കാദമിക സ്ഥാപനങ്ങൾക്ക് കഴിയുമെന്നും നിർദ്ദേശമുയർന്നു.

കുട്ടികളിൽ മാത്രമല്ല, അവരെ ഒരു തൊഴിൽ മേഖലയ്ക്കായി തയ്യാറാക്കുന്ന അധ്യാപകർക്കും ഇക്കാര്യത്തിൽ വലിയ പങ്കുണ്ട്.

ഇപ്പോൾ അധ്യാപകർക്ക് നൽകിക്കൊണ്ടിരിക്കുന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് പരിപാടികൾക്കൊപ്പം, ഇൻഡസ്ട്രിയുടെ ബന്ധപ്പെട്ട പ്രോഗ്രാമുകളും സംഘടിപ്പിക്കേണ്ടത് ആവശ്യമാണ്.

രണ്ടു ഭാഗമായി നടന്ന പാനൽ ചർച്ചയിൽ സ്റ്റെം, (STEM-സയൻസ്, ടെക്നോളജി, എഞ്ചിനിയറിങ്ങ്, മാത്സ്) മേഖലയിലെയും, സ്റ്റെം ഇതര മേഖലയിലെയും വ്യവസായ-അക്കാദമിക് സഹകരണത്തെക്കുറിച്ച് ചർച്ച ചെയ്തു. അക്കാദമിക് വ്യവസായ രംഗത്തെ പ്രമുഖർ തങ്ങളുടെ അനുഭവങ്ങളും, ആശയങ്ങളും പങ്കുവച്ചു.ചർച്ചയ്ക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ബാലഗോപാൽ ചന്ദ്രശേഖർ നേതൃത്വം നൽകി. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഡയറക്ടർ ഡോ. സഞ്ജയ് ബെഹരി പ്രഭാഷണം നടത്തി.

എപിജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ ഡോ. കെ ശിവപ്രസാദ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ. പി ആർ ഷാജി, ഐസിടി അക്കാദമി സിഇഒ മുരളീധരൻ മണ്ണിങ്ങൽ, കെൽട്രോൺ ടെക്നിക്കൽ ഡയറക്ടർ ഡോ. എസ് വിജയൻ പിള്ള, കാൻകോർ ഇൻഗ്രീഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജീമോൻ കോര, അസാപ്പ് സിഇഒ ഡോ. ഉഷാ ടൈറ്റസ്, കോളേജയ്റ്റ് എജ്യുക്കേഷൻ ഡയറക്ടർ കെ സുധിർ, ഐസിഐസിഐ പ്രോഡൻഷ്യൽ ഇൻഷുറൻസ് പ്രൊജക്റ്റ് മാനേജ്മെന്റ് ഹെഡ് ഗിരീഷ് കൃഷ്ണൻ, ജിയോജിത് ചീഫ് എച്ച് ആർ കമൽ മാമ്പിള്ളി, ഫെഡറൽ ബാങ്ക് എച്ച് ആർ ഡിവിഷൻ ഹെഡ് രാജ് നാരായണൻ, എസ്എഫ്ഒ ടെക്നോളജി സിഇഒ ഡോ. പ്രിൻസ് ജോസഫ്, സിന്തൈറ്റ് ഇൻഡസ്ട്രീസ് ചീഫ് ഡെവലപ്മെന്റ് ഓഫീസർ വിശാൽ മേനോൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# സാമ്പത്തിക സുസ്ഥിരതയ്ക്കുള്ള തന്ത്രങ്ങൾ: സെഷൻ ശ്രദ്ധേയമായി

ഇന്റർനാഷണൽ കോൺക്ലേവിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള നിരവധി നിർദേശങ്ങൾ ഉയർന്നു വന്നു. കേരള സ്റ്റേറ്റ് പ്ലാനിങ് ബോർഡ് അംഗം പ്രൊഫസർ ജിജു പി അലക്സ് മോഡറേറ്റർ ആയിരുന്ന സെഷനിൽ കേരളത്തിലെ ഉന്നത വിദ്യാഭാസ രംഗത്ത് പൊതു സ്ഥാപനങ്ങക്കു ഫണ്ട് സമാഹരിക്കാൻ ഗവണ്മെന്റും ഉന്നത വിദ്യഭാസ കൗൺസിലും നൽകുന്ന പിന്തുണ അദ്ദേഹം എടുത്തുപറഞ്ഞു.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ജഗതിരാജ് വി പി സാമ്പത്തിക സുസ്ഥിരതയ്ക്കു അലുമിനികളുടെ സേവനം ഉപയോഗപ്പെടുത്തണം എന്ന് അഭിപ്രായപ്പെട്ടു

ഡോ. ഡെനിസ് നിക്കോളേവ്, സീനിയർ എജ്യുക്കേഷൻ സ്പെഷ്യലിസ്റ്റ്, ലോക ബാങ്ക്; പ്രൊഫസർ ഫിലിപ്പ് ജി ആൾട്ട്ബാച്ച്, ബോസ്റ്റൺ കോളേജ് എന്നിവർ അന്താരാഷ്ട്ര തലത്തിൽ പ്രയോഗിച്ചു വിജയിച്ച നിരവധി ധന സമാഹരണ മാർഗങ്ങൾ സെഷനിൽ അവതരിപ്പിച്ചു.

ഡോ. കെ ജെ ജോസഫ്, ഡയറക്ടർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ ധനസമാഹരണ മാർഗങ്ങളിൽ ഗവണ്മെന്റിന്റെ സഹായം കുറയുന്ന അവസരത്തിലും സ്വയം നവീകരിച്ചു സംവേദനാത്മക പഠനത്തിലൂടെ സ്ഥാപങ്ങൾക്കു പഠന ചെലവ് കുറഞ്ഞ മാർഗങ്ങൾ അവലംബിച്ചു ധനസ്ഥിതി മെച്ചപ്പെടുത്താനാവും എന്ന് അഭിപ്രായപ്പെട്ടു.





# 'അക്കാദമികസമൂഹത്തെ ലൈബ്രറിപ്രവർത്തനങ്ങൾ പിന്തുണയ്ക്കണം'

അക്കാദമിക ലൈബ്രറികൾ വിജ്ഞാനത്തിന്റെ അവശ്യ കേന്ദ്രങ്ങളായി തുടരുമ്പോൾ തന്നെ നിർമിതബുദ്ധിയിൽ അധിഷ്ഠിതമായി മാറിക്കൊണ്ടിരിക്കുന്ന അക്കാദമിക സമൂഹത്തെ സഹായിക്കുന്ന രീതിയിൽ ലൈബ്രറി പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട് എന്ന് ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ വിദഗ്ദ്ധർ.

സർവകലാശാലയിൽ നടന്ന ഇന്റർനാഷണൽ കോൺക്ലേവിന്റെ രണ്ടാം ദിനം നടന്ന ഈ സെഷൻ ലൈബ്രേറിയൻമാർ, അക്കാദമികവിദഗ്ധർ, നയരൂപകർത്താക്കൾ, സാങ്കേതിക വിദഗ്ധർ എന്നിവരുടെ കാഴ്ച്ചപ്പാടുകൾ കൊണ്ട് വൈവിധ്യമാർന്നതായി. സേവനങ്ങൾ, റോളുകൾ, ഫിസിക്കൽ സ്പെയ്സുകളുടെ ഉയർച്ച, ഉപയോക്താക്കളുടെ മാറുന്ന പ്രതീക്ഷകൾ, പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കൽ, ഫലപ്രദമായ ഡിജിറ്റൽ പരിവർത്തനം, പ്രവേശനക്ഷമത മെച്ചപ്പെടുത്തൽ, അക്കാദമിക റിസോഴ്സുകളുടെ ഡിജിറ്റൽ രൂപത്തിൽ ഉള്ള പങ്കിടൽ വര്ധിപ്പിക്കുന്നതിനാവശ്യമായ മികച്ച സമ്പ്രദായങ്ങളും തന്ത്രങ്ങളും എന്നിവ യോഗം ചർച്ച ചെയ്തു.

> **ഉന്നതവിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ റിസോഴ്സുകൾ കൂടുതൽ പ്രചാരത്തിൽ കൊണ്ടുവരാൻ ലൈബ്രേറിയന്മാർ പ്രത്യേക ശ്രദ്ധ ചെലുത്തണം എന്ന് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ അഭിപ്രായപ്പെട്ടു**

കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ മോഡറേറ്റർ ആയി സംസാരിച്ചു കൊണ്ടു ഉന്നതവിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ റിസോഴ്സുകൾ കൂടുതൽ പ്രചാരത്തിൽ കൊണ്ടുവരാൻ ലൈബ്രേറിയന്മാർ പ്രത്യേക ശ്രദ്ധ ചെലുത്തണം എന്നഭിപ്രായപ്പെട്ടു. തദവസരത്തിൽ സംസാരിച്ച ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. കെ കെ ഗീതാകുമാരി ലൈബ്രറികളുടെയും ലൈബ്രേറിയൻമാരുടെയും നെറ്റ്വർക്ക് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിലെ ഇന്ത്യ ഇന്റർനാഷണൽ സെന്റർ ചീഫ് ലൈബ്രേറിയൻ ഡോ. ഉഷ മുജൂ മുൻഷി, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള ലൈബ്രേറിയൻ ഡോ. ഗോപകുമാർ വി എന്നിവരും സെഷനിൽ സംസാരിച്ചു.

# OECD World Bank Team Visits

World Bank and Organisation for Economic Co-operation and Development (OECD) representatives visited the University. Higher Education Minister Dr. R Bindu and Vice Chancellor Dr. M Junaid Bushiri met with the visiting dignitaries from World Bank and OECD.

Rajan Gurukkal, Vice Chairman of the Higher Education Council, and Ishita Roy IAS, Additional Chief Secretary of the Kerala Higher Education Department, attended and spoke in the meetings. Nina Arhnold represented the World Bank, while Stephan Vincent represented OECD.The Minister talked on Kerala's higher education system's present situation as well as its future prospects and challenges. "Setting Kerala as a new model society is the state's goal. At multiple colleges and universities, we have set up centers of excellence," the minister said.

World Bank representative Nina Arhnold has requested the Kerala government to submit a comprehensive proposal after the conclave so that they can prepare a strategy to support us.

In order to show their support, the OECD representatives suggested collaborating with various centres of excellence in the state.

# ‘അരികുവത്കരിക്കപ്പെട്ടവരെ ശാക്തീകരിക്കാൻ കലാപഠനത്തിന് നൂതനപാഠ്യപദ്ധതി വേണം’

## സംസ്കൃത സർവ്വകലാശാല മുൻ വിസി ഡോ. എം വി നാരായണന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ ഉന്നതവിദ്യാഭ്യാസമേഖലയിൽ കൂടുതൽ കലാപഠനകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും ആവശ്യം ഉയർന്നു

വനിതകളെയും അരികുവൽക്കരിക്കപ്പെട്ടവരെയും കലാപഠനത്തിനായി കൂടുതൽ നൂതനവും വിപ്ലവകരവുമായ പാഠ്യപദ്ധതി ആവിഷ്കരിക്കണമെന്ന് ആവശ്യമുയർന്നു. സർവകലാശാലയിൽ നടന്ന ഇന്റർനാഷണൽ കോൺക്ലേവിന്റെ രണ്ടാം ദിനം കലാ പഠനത്തിന്റെ ഭാവിയും സാധ്യതകളും ചർച്ച ചെയ്ത പാനൽ ചർച്ചയിലായിരുന്നു ആവശ്യമുയർന്നത്.



വനിതകളെയും അരികുവൽക്കരിക്കപ്പെട്ടവരെയും ശാക്തീകരിക്കാൻ കഴിയുന്ന രീതിയിൽ പാഠ്യപദ്ധതി പരിഷ്കരിക്കണം. ശാസ്ത്രം, ചരിത്ര പഠനം എന്നിവക്ക് കൂടി പ്രാധാന്യം നൽകുന്ന തരത്തിൽ വേണം പുതിയ പരിഷ്കാരങ്ങൾ. ഇത് വിവേചനം ഒഴിവാക്കാനും സഹായിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ കലാപഠന കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും ആവശ്യം ഉയർന്നു.

കാലടി ശ്രീ ശങ്കരാചര്യ സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം വി നാരായണന്റെ നേതൃത്വത്തിൽ നടന്ന പാനൽ ചർച്ചയിൽ വിദ്യാഭ്യാസ മേഖലയിൽ

**വിദ്യാർത്ഥികളെ വ്യത്യസ്തമായി ചിന്തിക്കാൻ പ്രാപ്തരാക്കണമെന്നും അതുവഴി ആഗോള തലത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണമെന്നും അഭിപ്രായമുയർന്നു**

കലയെ രണ്ടാം തരമായി കാണുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്നും മറ്റ് കോഴ്സുകൾക്ക് സമാനമായി കലയേയും അറിവായി തന്നെ പരിഗണിക്കണമെന്ന് പാനലിസ്റ്റുകൾ അഭിപ്രായപ്പെട്ടു.

കേരളത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി യുദ്ധബാധിത മേഖലയിലെ വിദ്യാർത്ഥികൾക്ക് ഇവിടെ കല പഠിക്കാനും അഭ്യസിക്കാനുമുള്ള സൗകര്യങ്ങൾ ഒരുക്കണം. വിദ്യാർത്ഥികളെ വ്യത്യസ്തമായി ചിന്തിക്കാൻ പ്രാപ്തരാക്കണമെന്നും അതുവഴി ആഗോള തലത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണമെന്നും അഭിപ്രായമുയർന്നു.

ചർച്ചയിൽ അഹമ്മദാബാദ് സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ആർട്സ് ആൻഡ് സയൻസ് ദീപൻ ശിവരാമൻ, തൃശ്ശൂർ കോളേജിലെ ആർട്ട് ഹിസ്റ്ററി വിഭാഗം പ്രൊഫസർ ഡോ. കവിത ബാലകൃഷ്ണൻ, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ ടി ജി ജ്യോതിലാൽ, തൃപ്പൂണിത്തുറ ആർഎൽവി കോളേജിലെ ചിത്രകല വിഭാഗം പ്രൊഫസർ എൻ ആർ ജിതിൻലാൽ, കെ ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പി ആർ ജിജോയ് എന്നിവർ പങ്കെടുത്തു.

# ‘സർഗാത്മതയ്ക്ക് നൽകുന്ന ഊന്നൽ തൊഴിൽസാധ്യതകൾ വർധിപ്പിക്കും’

“ഇന്ത്യയിലെ വിദ്യാഭ്യാസം വളരെ ചലനാത്മകമാണ്. കുട്ടികളുടെ സർഗാത്മക കഴിവുകളെ കണ്ടുപിടിക്കാനും അതിലേക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസത്തിന് സാഹചര്യങ്ങളും അവസരങ്ങളും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിൽ ഏറെ പ്രാധാന്യമുണ്ട്,” ക്യൂഎസ് ഐ-ജിഎയുജിഇ മാനേജിങ് ഡയറക്ടർ രവിൻ നായർ അഭിപ്രായപ്പെട്ടു.

സർവകലാശാലയിൽ നടന്ന ഇന്റർനാഷണൽ കോൺക്ലേവിന്റെ രണ്ടാം ദിനം ‘ഭാവിയിലെ തൊഴിൽ സാധ്യതകളിലേക്ക് വിദ്യാർത്ഥികളെ എങ്ങനെ സജ്ജരാക്കാം’ എന്ന വിഷയത്തിൽ കുസാറ്റ് ഫിസിക്സ് വകുപ്പ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സെഷൻ മോഡറേറ്റ് ചെയ്തത് കേരള സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. കെ രവി രാമൻ ആണ്. കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ. കെ കെ സാജു, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂർ (എൻയുഎസ്) ഡോ. സീറാം രാമകൃഷ്ണ, ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ-ഓപ്പറേഷൻ ആന്റ് ഡെവലപ്മെന്റ് അനലിസ്റ്റ് ഡോ. സ്റ്റെഫാൻ വിൻസെന്റ് ലാൻക്രിൻ, ഡോ. രാജേഷ് പങ്കജ് (എഫ്ഐസിസിഐ), ലണ്ടനിലെ ടൈംസ് ഹയർ എഡ്യൂക്കേഷൻ റീജിയണൽ ഡയറക്ടർ റിതിൻ മൽഹോത്ര, ക്യൂഎസ്ഐ-ജിഎയുജിഇ മാനേജിങ് ഡയറക്ടർ രവിൻ നായർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഡയറക്ടർ ഡോ. അരുൺ കുമാർ വി എ, എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി ഡയറക്ടർ ഡോ. എം അബ്ദുൽ റഹിമാൻ എന്നിവർ സെഷനിൽ സംസാരിച്ചു.





## ‘അക്കാദമിക ആവാസവ്യവസ്ഥ മെച്ചപ്പെടുത്തി റിസർച്ച് ശക്തിപ്പെടുത്താം’

അക്കാദമിക ഗവേഷണത്തിന് കേരളത്തിലെ പൊതുനയം എങ്ങനെ രൂപപ്പെടുത്താനും അറിയിക്കാനും കഴിയുമെന്നല്ല നിർദേശങ്ങൾ രൂപപ്പെട്ട് പാനൽ ചർച്ച. സർവകലാശാലയിൽ നടന്ന ഇന്റർനാഷണൽ കോൺക്ലേവിന്റെ രണ്ടാം ദിനം നടന്ന സെഷനിൽ നയരൂപകർത്താക്കൾക്ക് മൂല്യവത്തായ തെളിവുകളെ അടിസ്ഥാനമാക്കിയുള്ള ഉൾകാഴ്ചകൾ സൃഷ്ടിക്കുന്നതിൽ കേരളത്തിലെ സർവകലാശാലകൾക്ക് വഹിക്കാനാകുന്ന നിർണായക പങ്കിനെ കേന്ദ്രീകരിച്ചു ചർച്ചകൾ നടന്നു.

ട്രെസ്റ്റ് റിസർച്ച് പാർക്കിലെ പ്രൊഫസർ സാബു തോമസ് മോഡറേറ്ററായ സെഷനിൽ കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. പി രവീന്ദ്രൻ, സിഎസ്ഐആർ മുൻ ഡയറക്ടർ ഡോ. ഗംഗൻ പ്രതാപ്, ഐഐടി ബോംബെ ഗണിതശാസ്ത്ര വിഭാഗം പ്രൊഫസർ ഡോ. യു കെ ആനന്ദവർധനൻ, ഐഐടി ബോംബെ, കെമിസ്ട്രി വിഭാഗം പ്രൊഫസർ ഡോ. രാഘവൻ ബി സുനോജ്, സേക്രഡ് ഹാർട്ട് കോളേജ് കെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസറും വൈസ് പ്രിൻസിപ്പലുമായ ഡോ. ഫ്രാങ്ക്ളിൻ ജെ, എന്നിവർ പങ്കെടുത്തു.

വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, പരിസ്ഥിതി സംരക്ഷണം, സാമൂഹിക സാമ്പത്തിക വികസനം തുടങ്ങിയ മേഖലകളെ അഭിസംബോധന ചെയ്യാൻ കഴിയുന്ന വിജയകരമായ പഠനങ്ങളാണ്പ്രധാനമായും ചർച്ച ചെയ്തത്. പതിവ് സംവാദത്തിനുള്ള വേദികൾ സൃഷ്ടിച്ച് ഗവേഷണ കണ്ടെത്തലുകൾ നയരൂപകർത്താക്കൾക്ക് ഫലപ്രദമായി ആശയവിനിമയം നടത്തുന്നതിലൂടെ അക്കാദമിക ഗവേഷണവും നയരൂപീകരണവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനാകുമെന്ന് പരിപാടിയിൽ സംസാരിച്ച കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. പി രവീന്ദ്രൻ അഭിപ്രായപ്പെട്ടു.



## ‘ആഗോള വിദ്യാഭ്യാസ കേന്ദ്രത്തിന് വഴിയൊരുക്കുക’

സർവകലാശാലയിൽ നടന്ന ഇന്റർനാഷണൽ കോൺക്ലേവിന്റെ രണ്ടാം ദിനം കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലറും ജാമിയ മില്ലിയ സർവകലാശാല പ്രൊഫസറുമായ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ മോഡറേറ്റ് ചെയ്ത സെഷനിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ മൂന്ന് മൂലക്കല്ലുകളായ സംസ്ഥാനം, മാർക്കറ്റ്, അക്കാദമിക് ഒലിഗാർക്കി എന്നിവയെക്കുറിച്ച് ചർച്ചകൾ നടന്നു.

ഭരണത്തിൽ വിദ്യാർത്ഥി സമൂഹത്തെ കൂടുതൽ ശക്തമായി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. കേരളം ഇപ്പോഴും രാജ്യത്തിന്റെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രതീക്ഷയുടെ ദീപസ്തംഭമാണ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

റിഫോംസ് കമ്മീഷൻ ചെയർമാൻ പ്രൊഫ. ശ്യാം ബി മേനോൻ നിർണ്ണായകമായ അക്കാദമിക തീരുമാനങ്ങൾ ഫങ്ഷണൽ യൂണിറ്റുകളിലേക്ക് കൈമാറുന്ന രീതി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രതിപാദിച്ചു. അദ്ദേഹം ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിയന്ത്രണ സ്ഥാപനങ്ങളിലൂടെ ഫെഡറലിസത്തെ അട്ടിമറിക്കുന്ന രീതിയെക്കുറിച്ചുള്ള തന്റെ ആശങ്ക പങ്കുവെച്ചു.

കേരളത്തിലെ ഉന്നതവിദ്യാഭാസ രംഗത്തിന്റെ സവിശേഷതയായി ജനാധിപത്യ സ്വഭാവത്തെ കെഎസ്എച്ച്ഇസി എക്സിക്യൂട്ടീവ് ബോഡി അംഗം ഡോ. കെ ദാമോദരൻ ചൂണ്ടിക്കാട്ടി. സംസ്ഥാനത്ത് നിലവിലുള്ള അഫിലിയേഷൻ സമ്പ്രദായം തുടരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ഊന്നിപ്പറഞ്ഞു.

കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. പ്രമോദ് കുമാർ സർവകലാശാല സംവിധാനത്തിന് ഉത്തരവാദിത്തത്തോടെ സ്വയംഭരണാവകാശം നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. സർവകലാശാലകൾക്ക് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം നൽകണമെന്നും അദ്ദേഹം പരാമർശിച്ചു. തീരുമാനമെടുക്കലിന്റെ വികേന്ദ്രീകരണത്തെക്കുറിച്ചും പ്രാദേശിക തീരുമാനങ്ങൾ എടുക്കാൻ സർവകലാശാലകളെ ശാക്തീകരിക്കരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ശ്യാം ബി മേനോൻ കമ്മിറ്റി മുന്നോട്ടുവച്ച ശുപാർശകൾ എങ്ങനെ നടപ്പാക്കാമെന്ന് ചർച്ച ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കാലിക്കറ്റ് സർവകലാശാലയിലെ മെംബർ സിൻഡിക്കേറ്റ് ഡോ. കാവുമ്പായി ബാലകൃഷ്ണൻ സംസാരിച്ചു. “സർവകലാശാലാ വകുപ്പുകളുടെ വളർച്ചയ്ക്ക് സാമ്പത്തികമായ സ്വയംഭരണാധികാരം അനിവാര്യമാണ്. ഭരണത്തെ ആധുനികവൽക്കരിക്കുന്നതിന് അടിസ്ഥാനപരമായ മാനസികാവസ്ഥയിൽ മാറ്റം വരുത്തേണ്ടതും ആവശ്യമാണ്,” അദ്ദേഹം പറഞ്ഞു.

# കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ പരിവർത്തനങ്ങൾ: ചർച്ച നടന്നു

സർവകലാശാലയിൽ നടന്ന 'ഷേപ്പിങ് കേരളാസ് ഫ്യൂചർ-ഇന്റർനാഷണൽ കോൺക്ലേവ് ഓഫ് ഓൺ നെക്സ്റ്റ്-ജെൻ ഹയർ എജുക്കേഷൻ' എന്ന പരിപാടിയുടെ രണ്ടാം ദിനം 'കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ പരിവർത്തനങ്ങൾ: പരിഷ്കരണങ്ങളും ആഗോള അഭിലാഷങ്ങളും' എന്ന വിഷയത്തിൽ പാനൽ ചർച്ച നടന്നു.

എംജി സർവകലാശാല വൈസ് ചാൻസലർ ഡോ. സി ടി അരവിന്ദ് കുമാർ മോഡറേറ്റ് ചെയ്ത സെഷനിൽ ഉന്നത വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിലെ കേരളത്തിലെ സർവകലാശാലകളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും ചർച്ച നടന്നു.

അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരവുമായി പൊരുത്തപ്പെടുന്നതിന് ഐ.സി.ടിയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത കേരള സർവകലാശാല രജിസ്ട്രാർ ഡോ. കെ എസ് അനിൽ കുമാർ ഊന്നിപ്പറഞ്ഞു. നല്ല സർവകലാശാലാ രീതികളുടെ ഭാഗമായി അഭിസംബോധന ചെയ്യേണ്ട നിർണായക പ്രശ്നമാണ് ഡാറ്റാ മാനേജ്മെന്റ് എന്നും അദ്ദേഹം പരാമർശിച്ചു.

നാല് വർഷ യുജി പ്രോഗ്രാമുകൾ നടപ്പാക്കുന്നതിന്റെ ഫലപ്രാപ്തി വിലയിരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കണ്ണൂർ സർവകലാശാല രജിസ്ട്രാർ ഡോ. ജോബി കെ ജോസ് ഊന്നിപ്പറഞ്ഞു. കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിൽ വിദ്യാർത്ഥികൾക്ക് ഫ്ലെക്സിബിലിറ്റി ആസ്വദിക്കാൻ കഴിയുന്നുണ്ടോ എന്നും അവരുടെ നൈപുണ്യത്തിന് അനുസൃതമായി കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിൽ അധ്യാപകരിൽ നിന്ന് മാർഗ്ഗനിർദ്ദേശം ലഭിക്കുന്നുണ്ടോ എന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. നൈപുണ്യ വികസനത്തിനും പഠനത്തിനിടയിൽ സമ്പാദിക്കാൻ സഹായിക്കുന്ന പ്രോഗ്രാമുകളും ഉൾപ്പെടുന്ന രീതിയിലുള്ള വഴക്കമുള്ള അക്കാദമിക ഘടന ആവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി കൺട്രോളർ ഓഫ് എക്സാമിനേഷൻ, ഡോ. ഗോഡ്വിൻ സാമരാജ് ഏകീകൃത അക്കാദമിക് കലണ്ടറും നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള പുതുക്കിയ സിലബസും കേരളം ഉന്നത വിദ്യാഭാസ രംഗത്ത് നേടുന്ന പുരോഗതിക്കു ഉദാഹരണമായി പരാമർശിച്ചു. അധ്യാപന-പഠന, മൂല്യനിർണ്ണയ സംവിധാനത്തിൽ കൃത്രിമബുദ്ധിയെ സംയോജിപ്പിക്കേണ്ടത് അനിവാര്യമാണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




**അധ്യാപന-പഠന, മൂല്യനിർണ്ണയ സംവിധാനത്തിൽ കൃത്രിമബുദ്ധിയെ സംയോജിപ്പിക്കേണ്ടത് അനിവാര്യമാണ് എന്ന് ചർച്ചയിൽ പരാമർശമുയർന്നു**

എംജി സർവകലാശാല സിൻഡിക്കേറ്റ് അംഗം പ്രൊഫ. സുജാ ടി വി, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സിൻഡിക്കേറ്റ് അംഗം അനുശ്രീ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

# 'സുസ്ഥിരവും ഫലപ്രദവുമായ ഗവേഷണ അന്തരീക്ഷം പ്രോത്സാഹിപ്പിക്കണം'

സുസ്ഥിരവും ഫലപ്രദവുമായ ഗവേഷണ അന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്നതിലൂടെ അക്കാദമിക ഗവേഷണവും യഥാർത്ഥ ലോകാരോഗ്യ സംരക്ഷണ ഉപയോഗങ്ങളും തമ്മിലുള്ള വിടവ് നികത്താനാകുമെന്ന് ഉന്നതവിദ്യാഭ്യാസ കോൺക്ലേവിന്റെ രണ്ടാം ദിനം നടന്ന ചർച്ചയിൽ നിർദേശമുയർന്നു.

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് മെമ്പർ സെക്രട്ടറി ഡോ. എ സാബു മോഡറേറ്ററായ സെഷനിൽ കേരളം യൂണിവേഴ്സിറ്റി ഓഫ് ഹെൽത് സയൻസസ് വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, കുസാറ്റ് സെന്റർ ഫോർ എക്സലൻസ് ഇൻ ന്യൂറോ ഡീജനെറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത് ഡയറക്ടർ ഡോ. ബേബി ചക്രപാണി പി എസ്, എംജി സർവകലാശാല സ്കൂൾ ഓഫ് ബയോ സയൻസസ് അസോസിയേറ്റ് പ്രൊഫസർ ഡോ. രാധാകൃഷ്ണൻ ഇ കെ, കുസാറ്റ് കെമിസ്ട്രി വകുപ്പ് പ്രൊഫസർ ഡോ. മനോജ് എൻ, വെറ്റിനറി കോളേജ് പ്രൊഫസ്സർ ഡോ. എസ്. അനൂപ് എന്നിവർ പങ്കെടുത്തു.



സെന്റർ ഫോർ എക്സലൻസ് ഇൻ ന്യൂറോ ഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത് ഡയറക്ടർ ഡോ. ബേബി ചക്രപാണി സംസാരിക്കുന്നു

ശക്തമായ ആരോഗ്യസംരക്ഷണ സംവിധാനം, ആധുനികവും പരമ്പരാഗതവുമായ വൈദ്യശാസ്ത്രത്തിലെ സമ്പന്നമായ പാരമ്പര്യം, ശക്തമായ അക്കാദമിക സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള കേരളത്തിന്റെ വ്യത്യസ്തമായ ശക്തികളെ പ്രയോജനപ്പെടുത്തുന്നതിലൂടെ, ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ ഫലപ്രദമായ ആരോഗ്യ പരിരക്ഷ പരിഹാരങ്ങളിലേക്ക് വിവർത്തനം ചെയ്യാനാകുമെന്ന് ഈ സെഷൻ ചർച്ച ചെയ്തു.

ഗവേഷണ പൊരുത്തപ്പെടൽ, വിജ്ഞാന കൈമാറ്റം, സാമൂഹിക പ്രസക്തിയുള്ള ഫലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അറിവ് പ്രായോഗിക ഉപയോഗങ്ങളിലേയ്ക്ക് പ്രതിഫലനം ചെയ്യുന്നതും സാധ്യമാണെന്ന് ചർച്ചയിൽ അഭിപ്രായമുയർന്നു.




# കോൺക്ലേവിലെ ആശയങ്ങൾ പ്രാവർത്തികമാക്കാൻ പ്രത്യേക യോഗം വിളിക്കും: പി രാജീവ്

ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ ഉയർന്നുവന്ന ആശയങ്ങൾ പ്രാവർത്തികമാക്കാൻ വ്യവസായ-ഉന്നത വിദ്യാഭ്യാസ വകുപ്പു മേധാവികളുടെ സംയുക്ത യോഗം വിളിക്കുമെന്ന് വ്യവസായമന്ത്രി പി രാജീവ്. ജനുവരി 15ന് കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിവിധ സെഷനുകളുടെ ഭാഗമായി രൂപപ്പെട്ട നിർദ്ദേശങ്ങളും നിരീക്ഷണങ്ങളും ഏറെ വിലപ്പെട്ടതാണ്. വ്യവസായ മേഖലയുടെ സഹകരണം ആവശ്യമായ കാര്യങ്ങളിൽ പരമാവധി പിന്തുണ ഉണ്ടാകും. ഇക്കാര്യത്തിൽ വ്യവസായ സമൂഹത്തിന്റെ പിന്തുണയും ഉറപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു.

"അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്. വിദ്യാഭ്യാസ മേഖലയിലും സമാനമാറ്റങ്ങളാണ് സംഭവിക്കുന്നത്. ഒരു കോഴ്സിലെ ഒന്നാം സെമസ്റ്ററിൽ പഠിച്ച ഒരു വിഷയം അവസാന സെമസ്റ്ററിലേക്ക് എത്തുമ്പോൾ കാലഹരണപ്പെടുന്ന സാഹചര്യമാണ്. മനുഷ്യശേഷിയെ നിർമ്മിത ബുദ്ധി മറികടക്കുകയാണ്. റോബോട്ടിക്സുകൂടി ചേരുമ്പോൾ വിപ്ലവാത്മകമായ കണ്ടുപിടുത്തങ്ങളാണ് സംഭവിക്കുന്നത്. ഇത്തരം സാങ്കേതിക വിദ്യകളെ ഒഴിവാക്കിയുള്ള പഠന രീതികൾക്ക് നിലനിൽപ്പില്ല. ഇക്കാരണത്താൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കരണം ആവശ്യമാണ്. വൈജ്ഞാനിക സമ്പദ് വ്യവസ്ഥ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഇടതുപക്ഷ സർക്കാരിന്റെ പ്രഖ്യാപിത നയം. കേരളത്തെ സംബന്ധിച്ചിടത്തോളം വൈജ്ഞാനികരംഗത്തെ മാനവ വിഭവ ശേഷി എടുത്തു പറയേണ്ടതാണ്. ഈ അനുകൂല ഘടകത്തെ കഴിയുന്നത്ര പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ആഗോള കമ്പനിയായ ഐ.ബി.എം ഇതിനകം രണ്ട് ക്യാമ്പസുകൾ ആണ് കേരളത്തിൽ ആരംഭിച്ചിട്ടുള്ളത്," അദ്ദേഹം പറഞ്ഞു.

"വ്യവസായ രംഗവും ഉന്നത വിദ്യാഭ്യാസ രംഗവും പരസ്പരം സഹകരിച്ചു മുന്നേറണം. വ്യവസായ രംഗത്തെ വെല്ലുവിളികൾ പലതും പരിഹരിക്കാൻ ഉന്നത വിദ്യാഭ്യാസഖലയ്ക്ക് സാധിക്കും.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള അന്തരം കുറയ്ക്കുകയാണ് ലക്ഷ്യം. വിദ്യാഭ്യാസത്തിനായി വിദേശത്തേക്ക് ചേക്കേറുന്നത് കേരളത്തിൽ മാത്രം കാണുന്ന പ്രവണതയല്ല. രാജ്യത്ത് ആകമാനം ഈ രീതി തുടരുന്നുണ്ട്. നമ്മുടെ വിദ്യാർഥികൾ യു.കെ, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് പോകുമ്പോൾ മറ്റു ഏഷ്യൻ രാജ്യങ്ങളിൽ നിന്നും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇവിടേക്ക് പഠനത്തിന് എത്തുന്നവരുമുണ്ട്. തൊഴിൽ മേഖലയിലും ഇതേ സാഹചര്യമാണ്. നിലവിലുള്ള പ്രതിസന്ധികളെ കൃത്യമായി പഠിച്ച് മുന്നോട്ട് പോയാൽ തീർച്ചയായും കേരളത്തിന് വലിയ സാധ്യതയാണ് ഉന്നത വിദ്യാഭ്യാസ മേഖല തുറന്നിടുന്നത്," അദ്ദേഹം കൂട്ടിച്ചേർത്തു.

## 'ഗ്രാജുവേറ്റ് ട്രാക്കിങ് സിസ്റ്റം തൊഴിലില്ലായ്മയ്ക്ക് പരിഹാരമാകും'

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗ്രാജുവേറ്റ് ട്രാക്കിങ് സിസ്റ്റം എന്തുകൊണ്ട് പ്രാധാന്യം അർഹിക്കുന്നുവെന്നും, തൊഴിലില്ലായ്മ കൃത്യമായി ട്രാക്ക് ചെയ്യാനും പരിഹാരമാർഗ്ഗങ്ങൾ നിർദേശിക്കുവാനും ട്രാക്കിങ് സിസ്റ്റം അനിവാര്യമാണെന്നും കോൺക്ലേവിലെ ഗ്രാജുവേറ്റ് ട്രാക്കിങ് സിസ്റ്റത്തിനെക്കുറിച്ചുള്ള സെഷനിൽ മോഡറേറ്ററായ ഐഐടി ബോംബെയിലെ പ്രൊഫ. എൻ വി വർഗീസ് അഭിപ്രായപെട്ടു.

സെഷനിൽ ജെ എൻ യു മുൻ പ്രൊഫസറും യുകെയിലെ യൂണിവേഴ്സിറ്റി ഓഫ് ബാത്ത് വിസിറ്റിങ് പ്രൊഫസറുമായ സന്തോഷ് കെ മെഹറോത്ര, ആദ്യം ഗ്രാജുവേറ്റ് ട്രാക്കിങ് സിസ്റ്റം എന്ന വിഷയം അവതരിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനങ്ങക്ക് സ്വന്തമായി ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ട്രാക്കർ പഠനങ്ങൾക്ക് എന്തുകൊണ്ട് വേണമെന്നുള്ളതിന്റെ ആവശ്യകത അദ്ദേഹം ഉയർത്തിക്കാട്ടി. ലോകബാങ്കിലെ അംബരീഷ് അംബുജ്, സതാംട്ടൻ സർവകലാശാല പ്രൊഫസർ ഡോ. സാബു പദ്മദാസ് എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

## 'പ്രാദേശികഭാഷകളെ അവഗണിക്കരുത്'




ഇന്റർനാഷണൽ കോൺക്ലേവിന്റെ രണ്ടാം ദിനം അധ്യാപനപരിഷ്കാരങ്ങളെക്കുറിച്ച് നടന്ന സെഷനിൽ മോഡറേറ്ററായത് മലേഷ്യയിലെ വാവസാൻ ഓപ്പൺ സർവകലാശാല മുൻ ഡെപ്യൂട്ടി വൈസ് ചാൻസലർ ഡോ. മോഹൻ എം മേനോനാണ്.

കരിക്കുലത്തിൽ സാങ്കേതികവിദ്യയെ എങ്ങനെ വിന്യസിക്കാം എന്ന വിഷയത്തിൽ സംസാരിച്ച് കൊണ്ട് തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. എൽ സുഷമ പൊതുവിദ്യാഭാസത്തിൽ ആംഗലേയഭാഷയുടെ ഉപയോഗം മാറ്റിനിർത്താൻ ആകില്ലെങ്കിലും പ്രാദേശിക ഭാഷകളെ അവഗണിക്കുന്ന പ്രവണത പ്രതികൂലമായി വിദ്യാർത്ഥികളെ ബാധിക്കുവാൻ സാധ്യതയുണ്ടെന്നു നിരീക്ഷിച്ചു. ലംകാസ്റ്റർ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ഡോൺ പാസ്സി ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന വ്യത്യാനങ്ങൾ മനസിലാക്കി അതിനു അനുസൃതമായ മാറ്റങ്ങൾ സ്വീകരിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണെന്ന് ഓർമിപ്പിച്ചു. യൂണിവേഴ്സിറ്റി ഓഫ് മിഷ്ഗനിലെ ഡോ. സപ്ന ത്വാറ്റ, ഫാറൂഖ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ ഡോ. മുഹമ്മദ് സലീം എന്നിവർ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളും ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് സംസാരിച്ചു.

# 'ഉന്നതവിദ്യാഭ്യാസ വകുപ്പ് ഏഴു മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും'




ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഏഴു മികവിന്റെ കേന്ദ്രങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായതായി ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു. 'ഷേപ്പിങ് കേരളാസ് ഫ്യൂചർ–ഇന്റർനാഷണൽ കോൺക്ലേവ് ഓഫ് ഓൺ നെക്സ്റ്റ്–ജെൻ ഹയർ എജുക്കേഷൻ' കോൺക്ലേവിന്റെ സമാപനചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

ഉന്നതവിദ്യാഭ്യാസമേഖലയിൽ വിവിധ സർവകലാശാലകളുടെ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട ബിൽ അടുത്ത നിയമസഭ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഫോർ സോഷ്യൽ സയൻസസ് ആൻഡ് ഹ്യുമാനിറ്റീസ്, കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യുക്കേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വിറ്റി, സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിങ് ലേണിങ് ആൻഡ് ട്രെയിനിംഗ്, സെന്റർ ഫോർ ഇൻഡിജിനസ് പീപ്പിൾസ് എഡ്യൂക്കേഷൻ, കേരള ലാംഗ്വേജ് നെറ്റ്‌വർക്ക് തുടങ്ങിയ മികവിന്റെ കേന്ദ്രങ്ങൾക്കുള്ള ഭരണാനുമതിയും ഫണ്ട് വകയിരുത്തലും പൂർത്തിയായതായും മന്ത്രി പറഞ്ഞു.

